# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5425** 28.07.2015 ലെ മറുപടിക്ക്

**<u>കുളത്തൂർ ശ്രീ.ബി.മണിലാലിന് റസിഡൻഷ്യൽ പ്ലോട്ടിന്റെ ലേ-ഔട്ട് അപ്രൂവൽ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ ആറ്റിപ്ര സോണൽ ഓഫീസിൽ 17 റസിഡൻഷ്യൽ പ്ലോട്ടുകൾ തിരിക്കുന്നതിനായി, ലേ-ഔട്ട് അപ്രൂവൽ ലഭിക്കുന്നതിനായി, ബി.മണിലാൽ, ലാൽ ബിൽഡിംഗ്സ് (Lal Buildings), കുളത്തൂർ എന്ന ആൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ടിയാൻ അപേക്ഷ നൽകിയത്; ഇതിന്റെ പകർപ്പും, ഇതിലുള്ള മറ്റ് റിക്കോർഡുകളുടെ പകർപ്പും ലഭ്യമാക്കുമോ; | (എ) 11.09.2013 ൽ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| (ബി) ടിയാന്റെ ഏത് വില്ലേജിലുള്ള ഏത് റീ-സർവ്വേയുള്ള, എത്ര ഏക്കർ വസ്തുവിലാണ് ലേ-ഔട്ടിന് അപേക്ഷിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ടിയാൻ അപേക്ഷ നൽകിയത് നേരിട്ടാണോ, അതോ ഏതെങ്കിലും ഏജൻസി വഴിയോ മറ്റ് ആൾക്കാർ വഴിയോ ആണോ; വിശദമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നം.145/12 ൽ 86.91 ആർ വിസ്തീർണമുള്ള വസ്തുവിലാണ് ലേ-ഔട്ടിന് അപേക്ഷിച്ചിരിക്കുന്നത്. ശ്രീ.ബി.മണിലാൽ ഒപ്പിട്ടു നൽകിയ അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്. |
| (സി) ടിയാന് എന്നാണ് റസിഡൻഷ്യൽ ലേ-ഔട്ട് അപ്രൂവൽ നൽകിയത്; ഏത് ഓഫീസിൽ നിന്നുമാണ് ഉത്തരവ് നൽകിയത്; ഈ ഉത്തരവിന്റെ കോപ്പിയും, പ്ലാനിന്റെ കോപ്പിയും ലഭ്യമാക്കുമോ;<br>(ഡി) അനധികൃത രാഷ്ട്രീയ സ്വാധീനം കൊണ്ടാണ് ടി അപ്രൂവൽ ലഭിച്ചിട്ടുള്ളതെന്ന വാർത്ത ശരിയാണോ; എല്ലാ നിയമങ്ങളും പാലിച്ചാണോ ഉത്തരവ് നൽകിയിരിക്കുന്നത്; | (സി) & (ഡി) തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 04.02.2014 ന് നിയമാനുസൃതമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. |

(തുടർച്ച.....2)

(ഇ) ടി ഉത്തരവ് പ്രകാരം ടിയാൻ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ടിയാൻ ഫീ അടച്ചത്; തുക എത്ര; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) 04.02.2014 ൽ 87,000/- രൂപ (എൺപത്തേഴായിരം രൂപ മാത്രം) അപേക്ഷകൻ ലൈസൻസ് ഫീസായി ഒടുക്കിയിട്ടുണ്ട്. രസീതിന്റെ പകർപ്പ് അനുബന്ധം-III ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(എഫ്) ഇതിനുശേഷം ടിയാൻ പ്ലോട്ടുകളുടെ എണ്ണം കൂട്ടി ലേ-ഔട്ട് ഓർഡർ കിട്ടാൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അപേക്ഷയുടെ പകർപ്പും, അനുബന്ധ രേഖകളും ലഭ്യമാക്കുമോ;

(എഫ്) അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് അനുബന്ധം-IV ആയി ചേർത്തിട്ടുണ്ട്.

(ജി) ടി ലേ-ഔട്ടിന് എതിരെ ആരെങ്കിലും നഗരസഭയിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ വസ്തുവിൽ OS.73/2005 പ്രകാരം തിരുവനന്തപുരം കോടതിയിൽ കേസ് ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ജി) ശ്രീ.തോമസ് ജോർജ്ജ് & ശ്രീ.ജോഷി.കെ.ജോർജ്ജ്, കുറുവേലിൽ പുത്തൻപുരയിൽ, റ്റി.സി.10/948(8), മണ്ണാംമൂല, പേരൂർക്കട എന്നിവർ പരാതി നൽകിയിട്ടുണ്ട്. OS.73/2005 പ്രകാരം കേസ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്